നവ കേരളം കർമപദ്ധതി

നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 ഫെബ്രുവരി വാല്യം 1

ഓൺലൈൻ വായനയ്ക്ക്
28


# നെറ്റ് സീറോ കാർബൺ കേരളം പ്രവർത്തനങ്ങളുമായി മുന്നോട്ട് : മുഖ്യമന്ത്രി പിണറായി വിജയൻ



2050 ഓടെ നെററ് സീറോ കാർബൺ ബഹിർഗമനം എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി മുന്നോട്ട് പോവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രഥമ രാജ്യാന്തര ഊർജ്ജ മേളയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കാലാവസ്ഥാ വ്യതിയാനങ്ങളുടെ അനന്തര ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഊർജ്ജ സംരക്ഷണത്തോ ടൊപ്പം പരിസ്ഥിതിക്കിണങ്ങുന്ന ഊർജ്ജോത്പാദന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും സുപ്രധാനമാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ഊർജ്ജ സംരക്ഷണം, ഊർജ്ജ സാക്ഷരത എന്നീ വിഷയങ്ങൾ ഗൗരവമായ ചർച്ചകൾക്ക് വിധേയമാക്കേണ്ടതാണെന്നും കാർബൺ രഹിത മാർഗ്ഗങ്ങളും ഊർജ്ജ സംരക്ഷണ പാഠങ്ങളും വിദ്യാർത്ഥികൾക്കടക്കം പകർന്നു നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ചടങ്ങിൽ പങ്കെടുത്ത സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ എനർജി മാനേജ്മെന്റ് സെന്റർ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും നെറ്റ് സീറോ കാർബൺ പഞ്ചായത്തുകൾക്ക് ഏറെ സഹായകരമായ പ്രവർത്തനമാണിതെന്നും വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. ഊർജ്ജമേഖലയിൽ ഹരിതകേരളം മിഷന്റെ ശ്രദ്ധേയമായ കാൽവെപ്പാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനെന്ന് ചടങ്ങിൽ പങ്കെടുത്ത നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. ബോധവൽക്കരണ പ്രവർത്തനങ്ങളോടൊപ്പം എല്ലാവരെയും പങ്കാളികളാക്കി ശാസ്ത്രീയ നിർവഹണ സമീപനമാണ് ഈ വിഷയത്തിൽ ഹരിതകേരളം മിഷൻ പിന്തുടരുന്നതെന്നു ഡോ. ടി.എൻ. സീമ വ്യക്തമാക്കി.

# ലൈഫ് ഭവനപദ്ധതി
## സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തും : മന്ത്രി എം.ബി രാജേഷ്



സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുകയാണ് ലൈഫ് ഭവനപദ്ധതിയിലൂടെ യാഥാർഥ്യമാക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. മലപ്പുറം ജില്ലയിൽ അമരമ്പലം പഞ്ചായത്ത് സംഘടിപ്പിച്ച ലൈഫ് ഭവന കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയ 923 പേർക്കും വീട് അനുവദിച്ച് സംസ്ഥാനത്തിനു തന്നെ മാതൃകയായ പഞ്ചായത്താണ് അമരമ്പലം. പദ്ധതിക്കായി ഭൂരിഭാഗം തുകയും അനുവദിക്കുന്നത് സംസ്ഥാന സർക്കാരാണെന്നും മറ്റു പഞ്ചായത്തുകളും അമരമ്പലത്തിനെ മാതൃകയാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് ഹരിത കർമസേന വാർഷിക റിപ്പോർട്ടിന്റെ പ്രകാശന ചടങ്ങും മന്ത്രി നിർവഹിച്ചു. പി.വി അൻവർ എം.എൽ.എ. ചടങ്ങിൽ അധ്യക്ഷനായി.

സംസ്ഥാന ബജറ്റിൽ ലൈഫ് ഭവന പദ്ധതിക്ക് 1132 കോടി വകയിരുത്തി. 2024-2025 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ അടച്ചുറപ്പുള്ള വീടുകൾ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം 5 ലക്ഷം എന്ന ലക്ഷ്യം കൈവരിക്കും. രണ്ടുവർഷം കൊണ്ട് ലൈഫിലൂടെ 10000 കോടിയുടെ നിർമ്മാണം ഏറ്റെടുക്കണം. ഇതിനായി നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമെ സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ദീർഘകാല വായ്പാ പദ്ധതി ഉപയോഗിച്ച് വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കും.

## എഡിറ്റോറിയൽ

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ



രാജ്യം 2070 ൽ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥയിൽ എത്താനാണ് ലക്ഷ്യമിടുന്നത്. എന്നാൽ കേരളം ഒരു ചുവടുകൂടി മുന്നിലെന്നപോലെ 2050 ൽ ഈ ലക്ഷ്യം നേടാനുള്ള സജീവ ശ്രമത്തിലാണ്. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ ഇതിനകം തന്നെ ദേശീയ ശ്രദ്ധ നേടിക്കഴിഞ്ഞു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ കാലാനുസൃതമായി പുനഃസ്ഥാപിക്കുന്നതിനുള്ള ഇടപെടലുകളാണ് ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ രാഷ്ട്രീയം കൂടി മനസ്സിലാക്കി വേണം നിർവ്വഹിക്കേണ്ടതെന്ന കാഴ്ചപ്പാടോടെയാണ് ഹരിതകേരളം മിഷൻ ഇത് നിർവഹിക്കുന്നത്. കൃഷിയുൾപ്പെടെ പ്രകൃതിയെ പരിവർത്തിപ്പിക്കുന്ന എല്ലാ നടപടികളും പ്രകൃതിയെ പരിപാലിക്കും വിധമായിരിക്കണം. ഋതുക്കളും കാലാവസ്ഥയും നോക്കി കൃഷിയിറക്കുന്ന കാലത്തെയല്ല നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളെ സാമൂഹ്യ പ്രതിബദ്ധതയോടെ വേണം നേരിടേണ്ടത്. കേരളം നെറ്റ്സീറോ കാർബൺ അവസ്ഥയെന്ന ലക്ഷ്യം നേടാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജനകീയ പരിസ്ഥിതി സാക്ഷരത വിദ്യാഭ്യാസമുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അനർട്ട്, WRI, എനർജി മാനേജ്മെന്റ് സെന്റർ, മോട്ടോർ വാഹന വകുപ്പ്, കൃഷി വകുപ്പ് തുടങ്ങി വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ഏജൻസികളും ഈ പ്രവർത്തനത്തിൽ പങ്കാളികളാവുകയാണ്. പ്രാദേശിക തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ആദ്യഘട്ടത്തിൽ 94 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കാനായി ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2420 അംഗനവാടികളിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ അംഗൻജ്യോതി എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി വരികയാണ്. സുരക്ഷിത ഭാവി മുന്നിൽക്കാണുന്ന വിവേകമുള്ള സമൂഹത്തിന് നെറ്റ് സീറോ കാർബൺ കേരളം പ്രവർത്തനം ഏറ്റെടുത്തേ മതിയാകൂ. അതിനൊപ്പം നിന്ന് നേതൃത്വം നൽകാൻ ഉത്തരവാദിത്തത്തോടെ സംസ്ഥാന സർക്കാരുണ്ടെന്ന കാര്യം കൂടുതൽ ഊർജ്ജം പകരുന്നു.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി 2

# ആദ്യ സമ്പൂർണ ഹൈടെക് വിദ്യാലയ സംസ്ഥാനമായി കേരളം മാറും - മന്ത്രി സജി ചെറിയാൻ



എല്ലാ വിദ്യാലയങ്ങളും ഹൈടെക് ആക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി സജി ചെറിയാൻ. ആലപ്പുഴ കണിച്ചുകുളങ്ങര പെരുന്നേർമംഗലം എൽ.പി. സ്കൂളിലെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2016-ൽ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നശേഷം വികസിത രാജ്യങ്ങളെ പോലും വെല്ലുന്ന തരത്തിലുള്ള അദ്ഭുതപൂർവമായ മാറ്റമാണ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കുന്നത്. അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് സർക്കാർ ഓരോ സ്കൂളിലും ഒരുക്കിയത്. സംസ്ഥാന സർക്കാരിന്റെ വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു കോടി രൂപ വിനിയോഗിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്. 4916 ചതുരശ്ര അടി വിസ്തീർണത്തിൽ രണ്ട് നിലകളിലായി എട്ട് ക്ലാസ് മുറികൾ, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവയും താഴെ ഒരു അസംബ്ലി ഹാൾ, ടെറസിൽ ഒരു മീറ്റിംഗ് ഹാൾ, ഇലക്ട്രിഫിക്കേഷൻ, ഗെയ്റ്റ്, ചുറ്റുമതിൽ, ഇന്റർലോക്ക് ടൈൽ എന്നിവ ഉൾപ്പെടെയാണ് നിർമാണം. ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി മുഖ്യാതിഥിയായി.

# കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സമഗ്ര പദ്ധതി

സ്തനാർബുദം ബാധിച്ചവരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ ജില്ലാ, താലൂക്ക് തല ആശുപത്രികളിൽ കൂടി മാമോഗ്രാം മെഷീനുകൾ സ്ഥാപിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2.4 കോടി രൂപ ചെലവഴിച്ച് കെ.എം.എസ്.സി.എൽ. വഴി 8 ആശുപത്രികളിലാണ് ആദ്യ ഘട്ടത്തിൽ മാമോഗ്രാം സ്ഥാപിക്കുന്നത്. ആലപ്പുഴ ജനറൽ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, പാല ജനറൽ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, അടിമാലി താലൂക്കാശുപത്രി, നല്ലൂർനാട് ട്രൈബൽ ആശുപത്രി എന്നിവിടങ്ങളിലാണ് മാമോഗ്രാം അനുവദിച്ചിട്ടുള്ളത്. സമയബന്ധിതമായി മെഷീനുകൾ ഇൻസ്റ്റാൾ ചെയ്ത്



പരിശോധനകൾ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ആർദ്രം മിഷന്റെ ഭാഗമായി സമഗ്ര കാൻസർ കെയർ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കാൻസർ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി ആർദ്രം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ ഭാഗമായി 30 വയസിന് മുകളിലുള്ളവരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീൻ ചെയ്തു വരുന്നു. ആകെ 1.53 കോടിയിലധികം പേരെ സ്ക്രീൻ ചെയ്തതിൽ 7.9 ലക്ഷത്തിലധികം പേർക്കാണ് സ്തനാർബുദ സാധ്യത കണ്ടെത്തിയത്. ഇവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സ ഉറപ്പാക്കുന്നു.

## തൃത്താലയിൽ
### ജലസഭയും ജലബജറ്റും

പാലക്കാട് തൃത്താല നിയോജക മണ്ഡലത്തിൽ ജലസഭയും ജലബജറ്റ് അവതരണവും നടന്നു. ജലബജറ്റ് മന്ത്രി എം.ബി. രാജേഷ് പ്രകാശനം ചെയ്തു. ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സെയ്തലവി സ്വാഗതം പറഞ്ഞു. MGNREGS മിഷൻ ഡയറക്ടർ നിസാമുദ്ദീൻ IAS ജലബജറ്റ് ഏറ്റുവാങ്ങി. കപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് ഷറഫുദ്ദീൻ കളത്തിൽ, മാലിന്യമുക്ത നവകേരളം കാമ്പയിൻ ജില്ലാ കോർഡിനേറ്റർ കല്യാണകൃഷ്ണൻ എന്നിവർ സംസാരിച്ചു. ജന



പ്രതിനിധികൾ, ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ആർ.പി.മാർ തുടങ്ങിയവർ പങ്കെടുത്തു.

## നെറ്റ്സീറോ കാർബൺ കേരളം സംസ്ഥാന ശിൽപ്പശാല

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി റിസോഴ്സ് പേഴ്സൺമാർക്കായി ഏകദിന സംസ്ഥാനതല ശിൽപ്പശാല നടത്തി. 2024 ഫെബ്രുവരി 06 ന് തിരുവനന്തപുരത്ത് എസ്.എച്ച്.എസ്.ആർ.സി.യിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും വിദഗ്ധർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇതുവരെ നടന്ന കാമ്പയിൻ പ്രവർത്തനങ്ങളുടെ അവലോകനവും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച ആശയ രൂപീകരണവും ശിൽപ്പശാലയിൽ നടന്നു.



## എം.സി.എഫ്. പ്രവർത്തനങ്ങൾ വിലയിരുത്തി മാത്യു ടി. തോമസ് എം.എൽ.എ.

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്തിലെ MCF സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി അഡ്വ. മാത്യു.ടി.തോമസ് എം.എൽ.എ. 1500 സ്ക്വയർ ഫീറ്റുള്ള നിരണം എം.സി.എഫിൽ നിലവിൽ തരം തിരിച്ചതും അല്ലാത്തതുമായ 4 ടൺ പാഴ് വസ്തുക്കൾ ശേഖരിച്ചിട്ടുണ്ട്. ശേഖരിച്ചവ വൃത്തിയായി അടുക്കി വെക്കുകയും എല്ലാ മാസവും തരം തിരിച്ച് ക്ലീൻകേരള കമ്പനിയ്ക്ക് കൈ മാറുന്നുമുണ്ട്. ജില്ലാ പഞ്ചായത്ത് പ്ലാനിങ് കമ്മറ്റി വൈസ് ചെയർമാൻ അജിത് കുമാർ, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



# 100 കാവുകൾ പച്ചത്തുരുത്തുകൾ



പാലക്കാട് തൃത്താല നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന "100 കാവുകൾ പച്ചത്തുരുത്തുകൾ" എന്ന നൂതന ഹരിത പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് 2024 ജനുവരി 27 ന് നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. പി റജീന അധ്യക്ഷയായ ചടങ്ങിന് തിരുമിറ്റക്കോട് പഞ്ചായത്ത് പ്രസിഡന്റ് ടി.സുഹറ സ്വാഗതം പറഞ്ഞു. ഡോ.ഷാജു ജമാലുദ്ദീൻ വിഷയാവതരണം നടത്തി. ബ്ലോക്ക് തല-പഞ്ചായത്ത് തല ഉദ്യോഗസ്ഥർ,ഹരിതകേരള മിഷൻ റിസോഴ്സ് പേഴ്സൺ, പരിസ്ഥിതി സംരക്ഷണ പ്രവർത്തകർ, ചാത്തന്നൂർ ഹൈസ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ ഉൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

## മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം മുദാക്കൽ പഞ്ചായത്ത് നീരുറവ് നീർത്തട പ്ലാൻ വഴി 20 വാർഡുകളിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കയ്യാല നിർമ്മാണം, ബണ്ടു നിർമ്മാണം, നിലമൊരുക്കൽ, കൃഷി, മഴക്കുഴി, തട്ട് തിരിക്കൽ എന്നിവയാണ് പ്രധാന പ്രവൃത്തികൾ.





കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ബ്ലോക്ക് ജലബജറ്റ് പ്രകാശനം മന്ത്രി എ.കെ.ശശീന്ദ്രൻ നിർവഹിച്ചു.

# ജലസേചനത്തിന് ക്വാറികളിലെ വെള്ളം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വയനാട് അമ്പലവയൽ ക്വാറികളിലെ വെള്ളം ജലസേചന ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നതിനുള്ള പ്രാഥമിക പരിശോധന നടന്നു. ഹരിതകേരളം മിഷനും അമ്പലവയൽ ഗ്രാമപഞ്ചായത്തും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചെറുകിട ജലസേചന വകുപ്പും സംയുക്തമായാണ് ഫീൽഡ് ലെവൽ പരിശോധന നടത്തിയത്. ജലസേചന ആവശ്യങ്ങൾക്കും പ്രദേശത്തെ കിണർ റീചാർജ് ചെയ്ത് കുടിവെള്ള സംരക്ഷണത്തിനും വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കി പഞ്ചായത്തിന് കൈമാറും. പ്രോജക്ട് റിപ്പോർട്ടിന്റെ അവതരണം പഞ്ചായത്ത് തലത്തിൽ നടത്തും. പദ്ധതിക്കാവശ്യമായ വൈദ്യുതിക്കായി സോളാർ പാനൽ വെക്കും. അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ്ബാബു, ഉദ്യോഗസ്ഥർ,ജനപ്രതിനിധികൾ, ആർ.പി മാർ തുടങ്ങിയവർ പങ്കെടുത്തു.



# ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ രണ്ടാംഘട്ടമായി ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇതു സംബന്ധിച്ച് ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് നടന്ന 'ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' ശിൽപശാലയിൽ പ്രായോഗിക തലത്തിൽ നടപ്പാക്കേണ്ട തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഓരോ സ്ഥലത്തേയും ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രദേശവാസികളുടെ അഭിപ്രായം നിർണായകമാണെന്നും അതിനാൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കി ജലസുരക്ഷാ പ്രവർത്തനങ്ങൾ നിർവഹിക്കുമെന്നും ശിൽപശാലയ്ക്ക് നേതൃത്വം നൽകി സംസാരിച്ച നവകേരളം കർമപദ്ധതി കോർഡിനേറ്ററും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയ ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ട സാങ്കേതിക സഹായവും വിദഗ്ധ നിർദ്ദേശങ്ങളും ഹരിതകേരളം മിഷന്റെ ഏകോപനത്തിലൂടെ ജല അതോറിറ്റി, ജലവിഭവ വകുപ്പ്, മറ്റു മിഷനുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കും. മുൻഗണന നിശ്ചയിച്ചും സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങളെ സാങ്കേതികമായി അപഗ്രഥിച്ചുമായിരിക്കണം ഓരോ പ്രദേശത്തും ജല സംരക്ഷണത്തിനും ജലസുരക്ഷയ്ക്കുമായ പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് ശിൽപശാലയിൽ പങ്കെടുത്തു സംസാരിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഡയറക്ടർ എ. നിസാമുദ്ദീൻ ഐ.എ.എസ്. അഭിപ്രായപ്പെട്ടു. സി.ഡബ്ള്യു.ആർ.ഡി.എമ്മിൽ നിന്നും ശാസ്ത്രജ്ഞരായ സി.എം. സുശാന്ത് (റിട്ട.), ഡോ. ബി. വിവേക്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർമാരായ എബ്രഹാം കോശി, ടി. പി. സുധാകരൻ, ഇറിഗേഷൻ പ്ലാനിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സുശീല ആർ. എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ശിൽപശാലയിൽ സംസാരിച്ചു. ഫെബ്രുവരി 16 ന് കോഴിക്കോട് ഡി.പി.സി. ഹാളിൽ രണ്ടാം മേഖല ശിൽപ്പശാല നടന്നു. ജലബജറ്റ് തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഹരിതകേരളം മിഷൻ, ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയിലെ സംസ്ഥാന - ജില്ലാ ചുമതലക്കാർ തുടങ്ങിയവർ പങ്കെടുത്തു. നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്ത ശിൽപ്പശാലയിൽ CWRDM എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് സാമുവൽ, MGNREGS ഡയറക്ടർ എ. നിസാമുദ്ദീൻ ഐ.എ.എസ്. തുടങ്ങിയവർ പങ്കെടുത്തു. തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച നീരുറവ് സമഗ്ര നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ജലബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക് കാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് നീരുറവ് പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നത്.





# മാലിന്യസംസ്കരണം മികച്ച നേട്ടവുമായി ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഒറ്റൂർ പഞ്ചായത്തിലെ 5 വാർഡുകളിലെ 100% കെട്ടിടങ്ങളിൽ നിന്നും മാലിന്യ ശേഖരണവും യൂസർഫീ ശേഖരണവും നടന്നു. ജനുവരി മാസത്തിൽ ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമായ വിവരം അനുസരിച്ച് 5 വാർഡുകളിൽ 100% കെട്ടിടങ്ങളിൽ നിന്നും യൂസർഫീ ശേഖരിച്ചു. 13 വാർഡുകളിലായി 4265 വീടുകളും 464 സ്ഥാപനങ്ങളും ആണ് പ്രവർത്തിക്കുന്നത്. ജനുവരി മാസത്തിൽ 87% വീടുകളിൽ നിന്നും യൂസർ ഫീ കളക്ഷൻ നടത്താൻ ഹരിത കർമസേന അംഗങ്ങൾക്ക് കഴിഞ്ഞു. യൂസർഫീ ശേഖരിക്കാനാകാത്ത വീടുകളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നേരിട്ട് എത്തിയാണ് 5 വാർഡുകളിൽ ഇത് 100% എത്തിക്കാൻ കഴിഞ്ഞത്.



# വെളിയന്നൂരിൽ നെറ്റ് സീറോ കാർബൺ കേരളം ശിൽപ്പശാല

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചതിന്റെ തുടർച്ചയായി പൈലറ്റ് പ്രോജക്ട് നടത്തുന്ന കോട്ടയം വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ശില്പശാല നടന്നു. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജേഷ് ശശി അദ്ധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഐസക് എസ്. ആമുഖ പ്രഭാഷണം നടത്തി. കാമ്പയിനിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് നടത്താവുന്ന ഇടപെടലുകൾ സംബന്ധിച്ച് അവതരണങ്ങൾ നടത്തി. മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം,കൃഷി, ജലസംരക്ഷണം, തുടങ്ങിയ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച നടന്നു. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ പന്ത്രണ്ട് അംഗൻവാടികളും ഊർജ്ജ സംരക്ഷണ മാതൃക സ്ഥാപനമാക്കി



മാറ്റുന്നതിന്റെ ഭാഗമായി അംഗൻ ജ്യോതി പദ്ധതി നടപ്പിലാക്കും. ആറ് സർക്കാർ സ്ഥാപനങ്ങൾ തുടർച്ചയായി ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളാവും. പഞ്ചായത്ത് ആഫീസ് മാതൃക ഊർജ കാര്യക്ഷമത സ്ഥാപനമാവും. വെളിയന്നൂർ ഗവ. എൽ.പി. സ്കൂൾ മാതൃക നെറ്റ് സീറോ സ്കൂൾ ആയും മാറും.

# ചിന്നക്കനാലിൽ ഹരിതകേരളം മിഷൻ പ്രതിനിധികളുടെ സന്ദർശനം

ഇടുക്കി ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രതിസന്ധികൾ പരിശോധിക്കുന്നതിനായി ഹരിതകേരളം മിഷൻ സംസ്ഥാന പ്രതിനിധികളുടെ സംഘം 2024 ഫെബ്രുവരി 1ന് പഞ്ചായത്ത് സന്ദർശിച്ചു. നിലവിലെ പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന എംസിഎഫും അനധികൃതമായി മാലിന്യം തള്ളുന്ന വിവിധ പ്രദേശങ്ങളും സംഘം നേരിട്ട് സന്ദർശിച്ച് വിലയിരുത്തി. ഫീൽഡ് സന്ദർശനങ്ങളിൽ നിന്നും മനസ്സിലാക്കിയ പ്രശ്നങ്ങൾ തുടർന്ന് പഞ്ചായത്ത് ഔദ്യോഗിക പ്രതിനിധികളുമായി ചർച്ച നടത്തി. നിലവിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും നൽകി. നിലവിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് രണ്ടര ഏക്കർ സ്ഥലം ഏറ്റെടുക്കാൻ പഞ്ചായത്തിനായിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം തന്നെ ഇവിടെ എംസിഎഫിന്റെ നിർമ്മാണം സാധ്യമാകുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പുതുതായി നിർമ്മിക്കുന്ന എംസിഎഫിനും തുടർന്നുള്ള ശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും സാങ്കേതിക സഹായം നൽകുമെന്ന് ഹരിതകേരളം മിഷൻ അറിയിച്ചു.



# 30 വയസിന് മുകളിലുള്ള എല്ലാപേർക്കും ആരോഗ്യ സ്ക്രീനിംഗ്

30 വയസിന് മുകളിലുള്ള മുഴുവൻ പേരുടേയും വാർഷികാരോഗ്യ സ്ക്രീനിംഗ് നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുക്കാൻ സാധിക്കാതെപോയ എല്ലാവരേയും ഉൾക്കൊള്ളിച്ച് രണ്ടാം ഘട്ടത്തിൽ 100 ശതമാനവും പൂർത്തിയാക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ കുടുതൽ രോഗങ്ങളുടെ സ്ക്രീനിംഗ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്ക്രീൻ ചെയ്യുക മാത്രമല്ല പരിശോധനയും തുടർ ചികിത്സയും ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടത്തിന്റെ (ശൈലി 2.0) ലോഞ്ചിംഗ് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ജനകീയ പങ്കാളിത്തത്തോടെയായിരിക്കും രണ്ടാംഘട്ടം നടപ്പിലാക്കുക. ഇ ഹെൽത്ത് രൂപകല്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ




കുഷ്ഠ രോഗം, കാഴ്ചക്കുറവ്, കേൾവി കുറവ്, മാനസികാരോഗ്യ പ്രശ്നങ്ങൾ, വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തും. നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# ഇരിട്ടി ഇക്കോ പാർക്ക് ഹരിത ടൂറിസം കേന്ദ്രമാവുന്നു

ഹരിതകേരളം മിഷൻ കണ്ണൂർ ജില്ലാ ടീമിന്റെ പ്രതിമാസ യോഗം ഇത്തവണ നടത്തിയത് ഹരിത ടൂറിസം കേന്ദ്രമാക്കാൻ തിരഞ്ഞെടുത്ത ഇരിട്ടി ഇക്കോ പാർക്കിൽ. സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ യോഗത്തിൽ പങ്കെടുത്തു. പാർക്കിൽ പുഴയോരത്ത് മുളം കാടിനു ചേർന്നുള്ള തണലിൽ നടന്ന യോഗം ജില്ലാ ടീമിന് വ്യത്യസ്തമായ അനുഭവമായി. മാലിന്യ സംസ്കരണ സംവിധാനങ്ങൾ, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയവ വിപുലീകരിച്ചു കൊണ്ട് ഹരിത ടൂറിസം കേന്ദ്രമായി മാറാനാണ് ഇക്കോ പാർക്ക് തയ്യാറെടുക്കുന്നത്. തണലും തണുപ്പുമേറ്റ് വിശ്രമിക്കാൻ പുഴയോട് ചേർന്നൊരിടം. പെരുമ്പറമ്പിലെ ഇരിട്ടി ഇക്കോ പാർക്കിലേക്ക് സന്ദർശകരെ ആകർഷിക്കുന്നതും ഇതുതന്നെയാണ്. പായം ഗ്രാമപഞ്ചായത്ത്, പെരുമ്പറമ്പ് ഗ്രാമഹരിത സമിതി, കേരള വനം വന്യജീവി വകുപ്പ് എന്നിവ ചേർന്ന് ഒരുക്കിയ പാർക്ക് ഇപ്പോൾ കണ്ണൂരിന്റെ ടൂറിസം ഭൂപടത്തിൽ ഇടം നേടിക്കഴിഞ്ഞു. ഇരിട്ടി പുഴയോട്



ചേർന്ന് വനംവകുപ്പിന്റെ കൈവശമുള്ള 10.5 ഏക്കറിൽ വിനോദ സഞ്ചാരവും ജൈവ വൈവിധ്യ സംരക്ഷണവും ലക്ഷ്യമിട്ട് 4.5 ഏക്കറാണ് ഇക്കോ പാർക്കാക്കി മാറ്റിയത്. ബാക്കി സ്ഥലം ട്രക്കിങ്ങിനായി ഒരുക്കി. മരങ്ങൾ നിലനിർത്തിയും പുതിയ ചെടികൾ വെച്ചുപിടിപ്പിച്ചുമാണ് പാർക്ക് ഒരുക്കിയത്. ഇരിപ്പിടങ്ങൾ, ഊഞ്ഞാൽ, വിവിധ ശിൽപങ്ങൾ, മത്സ്യക്കുളം തുടങ്ങിയവയും ഇവിടെ സന്ദർശകരെ കാത്തിരിക്കുന്നു.

# സെന്റ് റാഫേൽസ് എൽ.പി. സ്കൂളിൽ ശുചിത്വോത്സവം



ശുചിത്വോത്സവം പരിപാടിക്ക് കൊച്ചി കോർപ്പറേഷനിലെ ഡിവിഷൻ 44 ൽ തുടക്കമായി. സെന്റ് റാഫേൽസ് എൽ.പി. സ്കൂളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം കൊച്ചി നഗരസഭ വികസന സ്ഥിരം സമിതി ചെയർമാൻ പി.ആർ റെനീഷ് നിർവഹിച്ചു. സ്കൂൾ മാനേജർ റെവ. ഫാ ജോജി കുത്തുകാട് അധ്യക്ഷത വഹിച്ച യോഗത്തിൽ ഹെഡ്മിസ്ട്രസ് ബിന്ദു സ്വാഗതം പറഞ്ഞു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂളിൽ പച്ചക്കറി തൈകളും ഇതോടൊപ്പം നട്ടു. ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കുന്നതിന്റെ ഭാഗമായിട്ടാണ് ജില്ലയിൽ ശുചിത്വോത്സവം സംഘടിപ്പിക്കുന്നത്. നവകേരളം കർമപദ്ധതി, ഹരിതകേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിത സമൃദ്ധം- ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട്. ഇതിന്റെ ഭാഗമായാണ് ശുചിത്വോത്സവം പരിപാടി സംഘടിപ്പിക്കുന്നത്.

# ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം ശിൽപ്പശാല

ഹരിതകേരളം മിഷനുമായി ചേർന്ന് വിവിധ മിഷനുകളെയും വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതിയാണ് ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം. ഹരിതം എന്നതുകൊണ്ട് വിഭാവനം ചെയ്യുന്നത് പച്ചപ്പുള്ള സ്കൂൾ കാമ്പസ് എന്നതിനോടൊപ്പം ആരോഗ്യമുള്ള കുട്ടികളുടെ കാമ്പസ് എന്നതുകൂടിയാണ് 'ഒരു ദീർഘകാല വിദ്യാഭ്യാസ നിക്ഷേപം എന്ന നിലയിലാണ് ഈ കാമ്പയിനിനെ സമീപിക്കുന്നത്. ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം എന്നത് കേവലമായ ഒരു ശുചിത്വ പദ്ധതിയോ സ്കൂൾ ഹരിതവൽക്കരണ പ്രവർത്തനമോ അല്ല. കുട്ടികളിൽ സാമൂഹ്യമായ മൂല്യങ്ങൾ ഉളവാക്കാൻ ലക്ഷ്യമിട്ടുള്ള



പദ്ധതിയാണിത്. ശാസ്ത്രീയമായ മാലിന്യനിർമാർജനത്തിന്റെ ആവശ്യകത, അനിവാര്യത അതിനുള്ള വൈവിധ്യമാർന്ന രീതികൾ, ദ്രവമാലിന്യനിർമാർജനം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയെല്ലാം ഇതിൻെറ ഭാഗമാകും. കൂടാതെ കുട്ടികളുടെ ആരോഗ്യക്ഷമത കൂടി അഭിമുഖീകരിക്കേണ്ടതുണ്ട്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും യാഥാർത്ഥ്യമായി അനുഭവപ്പെട്ടുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം ബോധ്യപ്പെടലിനെല്ലാം വലിയ പ്രാധാന്യമുണ്ട്. മാത്രവുമല്ല ശരിയായ ആരോഗ്യ ക്ഷമത ഉണ്ടാകണമെങ്കിൽ കുട്ടികൾ അനുവർത്തിക്കേണ്ട ആരോഗ്യ ശീലങ്ങളും വ്യായാമകാര്യങ്ങളും എല്ലാം ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതുണ്ട്. ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം പദ്ധതി പാഠ്യപദ്ധതിയുമായി ചേർന്നാവും നടപ്പാക്കുക. ഈ പദ്ധതി പ്രായോഗികമായി എങ്ങനെ നടപ്പാക്കാം എന്ന കരട് നിർദ്ദേശം വികസിപ്പിക്കാൻ 2024 ജനുവരി 16, 17 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ക്രിയേറ്റീവ് ശില്പശാല സംഘടിപ്പിച്ചു. ഈ രംഗത്ത് അനുഭവ പരിചയമുള്ള 17 വിദഗ്ധർ പങ്കെടുത്തു.

# കൊരങ്ങാട്ടി പാടശേഖരത്ത് നെൽകൃഷി തിരിച്ചുവരും

## ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംയുക്ത യോഗം ചേർന്നു

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിന്റെ ഭാഗമായ കൊരങ്ങാട്ടി പാടശേഖരത്തിൽ നെൽകൃഷി തിരിച്ച് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ സംയുക്ത യോഗം നവകേരളം കർമപദ്ധതിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കൊരങ്ങാട്ടി കമ്മ്യൂണിറ്റി ഹാളിൽ 2024 ഫെബ്രുവരി 3 ന് ചേർന്നു. ജില്ലയിലെ തന്നെ വലിയ പാടശേഖരങ്ങളിൽ ഒന്നായ കൊരങ്ങാട്ടി പാടശേഖരത്തിൽ 100 ഏക്കർ നെൽവയലാണുള്ളത്. സജീവമായി കൃഷി ചെയ്തിരുന്ന ഈ പാടശേഖരത്തിൽ നിലവിൽ 3 ഏക്കറിൽ മാത്രമാണ് നെൽകൃഷിയുള്ളത്. വെള്ളക്കെട്ടും രൂക്ഷമായ വന്യമൃഗ ശല്യവും കാരണം വർഷങ്ങളായി തരിശു കിടക്കുന്ന പാടശേഖരം പൂർണ്ണമായും കൃഷിയോഗ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി വിവിധ വകുപ്പുകളുടെ സേവനങ്ങളെയും പദ്ധതികളെയും കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി, ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അടിമാലി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പാടശേഖരം സന്ദർശിക്കുകയും കർഷകരുമായി ചർച്ച നടത്തുകയും ചെയ്തു.

വാർഡ് മെമ്പർ സി.ഡി. ഷാജി, ഊര് മൂപ്പൻ ബിനുമോൻ പി.കെ., ഹരിതകേരളം മിഷൻ അസിസ്റ്റൻറ് കോർഡിനേറ്റർ അബ്രഹാം കോശി, ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർമാരായ സതീഷ് ആർ.വി., രാജേന്ദ്രൻ നായർ വി., മൈനർ ഇറിഗേഷൻ ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനിൽകുമാർ ഇ, മൈനർ ഇറിഗേഷൻ അടിമാലി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഡി ഗിരീഷ് കുമാർ, അടിമാലി സബ്ഡിവിഷൻ അസിസ്റ്റന്റ് എൻജിനീയർ രാജേഷ് എ.ആർ., കൃഷി വിജ്ഞാനകേന്ദ്രം ശാസ്ത്രജ്ഞൻ ഡോ. സുധാകർ സുന്ദർരാജൻ, അടിമാലി കൃഷി ഓഫീസർ സിജി എം.എ., അടിമാലി ബിഡിഒ പ്രവീൺ വാസു തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

വെള്ളക്കെട്ടിന് പരിഹാരമായി പാടശേഖരത്തിലെ കനാൽ നവീകരണം, വന്യമൃഗ ശല്യത്തിന് പരിഹാരമായി സൗരോർജ്ജ വേലിയും വിളക്ക് കെണിയും, തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചുള്ള നിലമൊരുക്കൽ, അർഹമായ ധനസഹായം, ഫാം ടൂറിസം, വിപണനം തുടങ്ങിയ സുപ്രധാന വിഷയങ്ങളിൽ യോഗത്തിൽ ധാരണയായി.





# മില്ലറ്റ് കൃഷി ആരംഭിച്ചു

ഹരിതകേരളം മിഷൻ - `നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി മില്ലറ്റ് മിഷനുമായി ചേർന്ന് നെറ്റ് സീറോ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സ്കൂളുകളിലെ മില്ലറ്റ് കൃഷിക്ക് തുടക്കം കുറിച്ചു. തിരുവനന്തപുരം പുല്ലമ്പാറ പഞ്ചായത്തിലെ മില്ലറ്റ് കൃഷി ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് പി.വി. രാജേഷ് നിർവഹിച്ചു. സ്കൂൾ വളപ്പിൽ ഒരുക്കിയ 8 സെന്റ് സ്ഥലത്ത് ഹരിതകേരളം ജില്ലാ മിഷനിൽ നിന്ന് ലഭ്യമാക്കിയ മണിച്ചോളം, റാഗി എന്നീ വിത്തിനങ്ങൾ ആണ് നട്ടത്.സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിപാലന ചുമതല. കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ പ്ലാവൂർ വാർഡിലെ ഉദയംകോണം എന്ന സ്ഥലത്തുള്ള മാതൃകാ കൃഷി തോട്ടത്തിൽ 5 സെന്റ് സ്ഥലത്ത് മില്ലറ്റ് കൃഷിക്ക് തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിൽകുമാർ വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്തു.

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു



മലപ്പുറം തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ അക്ഷരം കാമ്പസിൽ സൃഷ്ടിച്ച പച്ചത്തുരുത്ത് വൈസ് ചാൻസലർ ഡോ. സുഷമ എൽ. ഉദ്ഘാടനം ചെയ്തു. കാലാവസ്ഥ വ്യതിയാനം സമസ്ത മേഖലകളെയും ബാധിക്കുന്ന ഈ കാലഘട്ടത്തിൽ പച്ചത്തുരുത്ത് എന്ന അതിജീവനത്തിന്റെ ചെറുവനങ്ങൾ ആവിഷ്കരിക്കുന്ന ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളെ വൈസ് ചാൻസലർ അഭിനന്ദിച്ചു. പരിസ്ഥിതി പഠന സ്കൂൾ ഡയറക്ടർ ഡോ.അരുൺ ബാബു വി. അധ്യക്ഷത വഹിച്ച ചടങ്ങിൽ മമ്പാട് എം.ഇ.എസ്. കോളേജിലെ ജന്തുശാസ്ത്ര വിഭാഗം തലവൻ ഡോ. അനൂപ്ദാസ് കെ.എസ്. മുഖ്യപ്രഭാഷണം നടത്തി.

# ജർമ്മൻ സർവകലാശാല ഗവേഷക സംഘം ഹരിതകേരളം മിഷൻ സന്ദർശിച്ചു

ജർമ്മനിയിലെ University of Hohenheim ൽ നിന്നുള്ള ഗവേഷകരായ ഡോ. ആനി എലിസ് സ്ടാറ്റൺ, ഹസീന കെ. എന്നിവർ ഹരിതകേരളം മിഷൻ സന്ദർശിച്ചു. ജർമ്മനി, ഇന്ത്യ, മെക്സിക്കോ എന്നീ രാജ്യങ്ങളിലെ കൃഷി, ഭക്ഷണ സമ്പ്രദായം എന്നീ മേഖലകളിൽ ഭാവിയിലേയ്ക്കുള്ള മുൻഗണനകൾ തിരിച്ചറിയുന്നതിനുള്ള ഗവേഷണത്തിന്റെ ഭാഗമായാണ് സന്ദർശനം ഇന്ത്യയിൽ കേരളം, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളെയാണ് പഠന ഗവേഷണത്തിലുൾപ്പെടുത്തിയിട്ടുള്ളത്. പരിസ്ഥിതി പുനഃസ്ഥാപനം മുൻനിർത്തി ഈ മേഖലകളിലുള്ള പ്രവർത്തന രീതികൾ, സമാനതകൾ, വ്യത്യാസങ്ങൾ എന്നിവയും പഠന വിധേയമാണ്.



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടന്നുവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും വിഷയ മാതൃകകളും സംഘം ചോദിച്ചറിഞ്ഞു. ഹരിതകേരളം അസി. കോർഡിനേറ്റർമാരായ ടി.പി. സുധാകരൻ, സഞ്ജീവ് എസ്.യു., പ്രോഗ്രാം ഓഫീസർ സുരേഷ്. യു., പി.ആർ.ഒ. ബി. മനോജ് എന്നിവരുമായി സംഘം ചർച്ച നടത്തി. കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ചാണ് ഗവേഷണം.

# കരിമ്പ് കൃഷിയിലെ SSI മോഡൽ

കരിമ്പ് കൃഷിയിലെ SSI മോഡൽ വ്യാപിപ്പിക്കുന്നതുമായ ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇടുക്കി മറയൂർ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിവിധ വകുപ്പ് പ്രതിനിധികളുടെ യോഗം 2024 ഫെബ്രുവരി 2 ന് മറയൂർ സർവീസ് സഹകരണ ബാങ്ക് ഹാളിൽ നടന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ യു.എൻ.ഡി.പി. പദ്ധതിയിൽപ്പെടുത്തി "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നു. അതിന്റെ ഭാഗമായി കരിമ്പ് കൃഷിയിലെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനുമുതകുന്ന നൂതന സാങ്കേതിക രീതിയിലെ കരിമ്പ് കൃഷി എസ്.എസ്.ഐ. (സസ്റ്റെയ്നബിൾ ഷുഗർകെയിൻ ഇനിഷ്യേറ്റീവ്) പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ മറയൂർ കാന്തല്ലൂർ കേന്ദ്രീകരിച്ച് മൂന്ന് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചിരുന്നു. ഈ രീതിയിൽ തൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറിയും പരീക്ഷണ



തോട്ടങ്ങളും പ്രസ്തുത പദ്ധതിയിലൂടെ സ്ഥാപിച്ചിരുന്നു. ഈ ഉദ്യമത്തിലൂടെ കരിമ്പ് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും മറയൂരിലെ കരിമ്പ് കൃഷി വർദ്ധിപ്പിക്കുന്നതിനും സഹായിക്കും എന്ന് കണ്ടെത്തുകയുണ്ടായി.

മറയൂർ, കാന്തല്ലൂർ മേഖലകളിലെ സുസ്ഥിര കരിമ്പുകൃഷി വികസനത്തിന് മുതൽക്കൂട്ടാവുന്ന ഈ നൂതന കൃഷി രീതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ചാണ് ഹരിതകേരളം മിഷൻ പരിപാടി സംഘടിപ്പിച്ചത്.

ചടങ്ങിൽ നിലവിൽ എസ്എസ്ഐ മാതൃകയിൽ കരിമ്പ് കൃഷി ചെയ്യുന്ന കർഷകർ അവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു. കരിമ്പിൻ മുട്ടുകൾക്ക് (കർണ) പകരം തൈകൾ ഉപയോഗിച്ച് കൃഷിയിറക്കുന്ന ഈ പുതിയ കൃഷിരീതി വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഈ രീതിയിൽ ഒരു കരിമ്പ് ഏഴും എട്ടും അടി നീളത്തിൽ നല്ലവണ്ണത്തിൽ ലഭിക്കുന്നുണ്ട്. മൂന്നുകിലോ ഭാരം വരെ ഒരു കരിമ്പിന് ലഭിച്ചവരുണ്ട്. സാധാരണ ആറടി ഉയരത്തിൽ പരമാവധി രണ്ടു കിലോ തൂക്കത്തിലാണ് കരിമ്പ് ലഭിക്കുന്നത്. ഒരു ഏക്കറിൽനിന്നും 60 ടൺ കരിമ്പ് പുതിയ കൃഷിരീതിയിൽ ലഭിക്കുന്നതായി കർഷകർ അഭിപ്രായപ്പെട്ടു. സാധാരണ കൃഷിരീതിയിൽ 40-ടൺ കരിമ്പ് ലഭിക്കുമ്പോഴാണിത്. ഉപയോഗിക്കുന്ന വളത്തിന്റെ അളവ് കുറഞ്ഞതും കൂലി ചെലവ് കുറഞ്ഞതും വലിയ അളവിൽ ഉൽപാദന ചെലവ് കുറയാൻ കാരണമായി എന്ന് കർഷകർ അഭിപ്രായപ്പെട്ടു. മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദീപ അരുൾ ജ്യോതി, ഹരിത കേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി, ഹരിത കേരളം മിഷൻ പ്രോഗ്രാം ഓഫീസർമാരായ സതീഷ് ആർ.വി., രാജേന്ദ്രൻ നായർ വി. തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# പാഴ്‌വസ്തുക്കൾകൊണ്ട് വഞ്ചി നിർമിച്ച് ഹരിതകർമസേനാംഗം

പാഴ്‌വസ്തുക്കൾകൊണ്ട് സ്വന്തമായി നിർമിച്ച വഞ്ചി തുഴഞ്ഞ് ഇടയക്കുന്നം പുഴയുടെ മറുകരയിലെത്തിയപ്പോൾ 62-കാരി സുമതി കുമാരന് നാളുകളായുള്ള ഒരു സ്വപ്നം യാഥാർഥ്യമായതിന്റെ സന്തോഷം. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഒട്ടേറെ അലങ്കാര വസ്തുക്കൾ നിർമിച്ചിട്ടുള്ള സുമതി ഏറെനാളായി മനസ്സിൽ കൊണ്ടുനടന്നിരുന്ന ആഗ്രഹമാണ് സ്വന്തമായി ഒരു വഞ്ചിയുണ്ടാക്കണമെന്നത്. എറണാകുളം ചേരാനല്ലൂർ പഞ്ചായത്തിൽ ഏഴു വർഷങ്ങളായി ഹരിത കർമസേനാംഗമായി പ്രവർത്തിക്കുന്ന സുമതി അതിനായുള്ള തയ്യാറെടുപ്പ് തുടങ്ങിയിട്ട് കുറച്ചുനാളുകളേയായുള്ളു. വീടുകളിൽ നിന്നും പലപ്പോഴായി കിട്ടുന്ന പ്ലാസ്റ്റിക് കുപ്പികളും തെർമോക്കോളുമൊക്കെ ശേഖരിച്ചുവെച്ചു. വഞ്ചി നിർമിക്കാൻ പ്രധാനമായും ഉപയോഗിച്ചത് പ്ലാസ്റ്റിക് കുപ്പികളും പ്ലാസ്റ്റിക് ഷീറ്റുകളുമാണ്. നൂറോളം കുപ്പികളാണ് ഇതിനായി വേണ്ടിവന്നത്. പ്ലാസ്റ്റിക് കുപ്പികളും, തെർമോക്കോളും പ്ലാസ്റ്റിക് കവറുകളും ഷീറ്റുമൊക്കെ ഉപയോഗിച്ചുള്ള വഞ്ചിയിൽ രണ്ടുപേർക്ക് സഞ്ചരിക്കാം. വഞ്ചിനിർമാണത്തിനായി ആകെ ചെലവായത് 80 രൂപ മാത്രം. കുപ്പികളും ഷീറ്റും ഉറപ്പിക്കുന്നതിനായുള്ള സെല്ലോടേപ്പ് വാങ്ങിയ ഇനത്തിലാണിത്.

# ആലപ്പുഴയിൽ കണ്ടൽപച്ചത്തുരുത്തുകൾ

പ്രാദേശിക ജൈവ വൈവിധ്യത്തെ വീണ്ടെടുക്കാൻ കഴിയുന്ന കണ്ടൽപച്ചത്തുരുത്തുകൾ തീർക്കുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആലപ്പുഴ അമ്പലപ്പുഴബ്ലോക്കിൽ സംഘാടകസമിതിയോഗം ചേർന്നു. ജില്ലയിൽ നിലവിൽ വളരെ കുറഞ്ഞ സ്ഥലത്താണ് കണ്ടൽ ചെടികൾ ഉള്ളത്. ഹരിതകേരളം മിഷൻ അമ്പലപ്പുഴ ബ്ലോക്കുമായി സഹകരിച്ച് അഞ്ചു പഞ്ചായത്തുകളിൽ 19 കിലോമീറ്റർ നീളത്തിൽ




കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കേരളത്തിൽ കണ്ടുവരുന്ന 16 ഇനം കണ്ടൽ ചെടികളിൽ ഏത് ഇനമാണ് അമ്പലപ്പുഴയുടെ പരിസ്ഥിതി ഘടനയുമായി ഇണങ്ങുന്നതെന്ന് കണ്ടെത്തുക, അതിനനുയോജ്യമായ മണ്ണിനം, ജലം, വളത്തിന്റെ ലഭ്യത ഇവയെല്ലാം പ്രാരംഭഘട്ടത്തിലെ ഉറപ്പുവരുത്തേണ്ടതുണ്ട്. കണ്ടൽ ചെടികളുടെ തുടർ പരിപാലനത്തിന് ഏകദേശം ഒരു കിലോമീറ്റർ ഇടവിട്ട് കണ്ടൽ ബ്രിഗേഡുകൾ രൂപീകരിക്കുന്നതിനും മൂന്നു വർഷക്കാലം ചെടിയുടെ സംരക്ഷണം ഈ ബ്രിഗേഡുകൾക്ക് നൽക്കുന്നതിനും തീരുമാനിച്ചു. യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബ രാകേഷ് അദ്ധ്യക്ഷത വഹിച്ചു. വിവിധ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ,വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർമാരായ ടി.പി. സുധാകരൻ, എസ്.യു. സഞ്ജീവ്, ജില്ലാകോർഡിനേറ്റർ കെ.എസ്. രാജേഷ് എന്നിവർ പദ്ധതി വിശദീകരിച്ചു.

# പച്ചക്കറി കൃഷി ആരംഭിച്ചു

തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെ പ്രൊജക്റ്റ് 'അക്ഷര'ത്തിന്റെ ഭാഗമായി 2024 ജനുവരി 25 ആം തീയതി പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ ഭാഗമായുള്ള ആലുമ്മൂട്, ഇയ്യാക്കോട്, എന്നീ സ്ഥലങ്ങളിൽ ഹരിതവിദ്യാലയത്തിന്റെ ഭാഗമായി പച്ചക്കറി കൃഷിക്ക് തുടക്കമായി. ജില്ലാ കളക്ടർ ജെറോമിക് ജോർജ് IAS ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ ഭരണകൂടത്തിന്റെ പ്രതിനിധികളായി അസിസ്റ്റന്റ് കളക്ടർ അഖിൽ വി. മേനോൻ IAS, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ അശോക്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പ്രോജക്റ്റ് അക്ഷരം എന്ന പദ്ധതി വഴി ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനും മറ്റു പാഠ്യേതര പ്രവർത്തനങ്ങൾക്കുമായി 34 കമ്മ്യൂണിറ്റി സ്റ്റഡി റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. പഠനത്തിനൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളിൽ താല്പര്യമുണർത്തുവാൻ പച്ചക്കറി കൃഷി, പച്ചക്കറി തോട്ടം എന്നീ സംരംഭങ്ങൾ സഹായകമാകും.



# വെട്ടൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഹരിതസമൃദ്ധിയും പച്ചത്തുരുത്തും

തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ ഗ്രാമപഞ്ചായത്തിൽ വൈസ് പ്രസിഡന്റ് എം. നിസാമുദ്ദീന്റെ അധ്യക്ഷതയിൽ ആയുർവേദ ഡിസ്പെൻസറിയിൽ ജില്ലാ പഞ്ചായത്ത് അംഗം വി. പ്രിയദർശിനി, പച്ചത്തുരുത്ത് ഉദ്ഘാടനവും സമ്പൂർണ ഹരിത സമൃദ്ധി



പഞ്ചായത്ത് പ്രഖ്യാപനവും നടത്തി. ഹരിതകേരളം മിഷൻ കൃഷി ഉപമിഷൻ പ്രോഗ്രാം ഓഫീസർ ജി. കൃഷ്ണകുമാർ സമ്പൂർണ ഹരിതസമൃദ്ധി പഞ്ചായത്ത് സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിന് നൽകി. വംശനാശഭീഷണി നേരിടുന്ന അപൂർവ്വ ഇനം തൈകളും 120 ഔഷധ സസ്യങ്ങളും ആണ് പച്ചത്തുരുത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹരിതസമൃദ്ധി റിപ്പോർട്ട് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അവതരിപ്പിച്ചു.

# പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഇനി ഹരിതകാമ്പസ്

ഹരിതകേരളം മിഷൻ കാതോലിക്കേറ്റ് കോളേജിനെ ഹരിത കാമ്പസായി പ്രഖ്യാപിച്ചു. ഈ അധ്യയന വർഷത്തെ വിലയിരുത്തലിൽ എ ഗ്രേഡാണ് കോളേജിന് ലഭിച്ചത്. ഹരിതകേരളം മിഷൻ പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ജി.അനിൽകുമാർ ഹരിത കാമ്പസ് പ്രഖ്യാപനവും അവാർഡ് വിതരണവും നിർവഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ.സിന്ധു ജോൺസ് അവാർഡ് ഏറ്റുവാങ്ങി. കാർബൺ ന്യൂടൽ കാമ്പസ് പദ്ധതിയുടെ ഭാഗമായി എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിലാണ്



കോളേജിൽ ഹരിത ക്യാമ്പസ് പ്രവർത്തനങ്ങൾ നടത്തിയത്. ഹരിത കാമ്പസ് പദ്ധതിയുടെ ഭാഗമായി ജൈവ പച്ചക്കറിത്തോട്ടം, പഴത്തോട്ടം, ജൈവ അജൈവ മാലിന്യസംസ്കരണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. പച്ചത്തുരുത്ത്, ശലഭോദ്യാനം, മഴവെള്ള സംഭരണ പദ്ധതി, സൗരോർജ്ജ ഉപയോഗ പദ്ധതികൾ, ജൈവമാലിന്യ സംസ്കരണത്തിനായുള്ള ബയോഗ്യാസ് പ്ലാന്റ്, കംമ്പോസ്റ്റിംഗ് യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങളും മികച്ചതാണ്.

# ദക്ഷിണ റെയിൽവേയുമായി ചേർന്ന് കണ്ടൽ പച്ചത്തുരുത്തുകൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടത്തി വരുന്ന പച്ചത്തുരുത്തുകളിൽ ഇനി കണ്ടൽ പച്ചത്തുരുത്തുകളും. ദക്ഷിണ റെയിൽവേയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, വനംവകുപ്പ് എന്നിവയുടെ സഹകരണത്തോടെ എറണാകുളം മുതൽ തിരുവനന്തപുരം വരെ ജില്ലകളിൽ 33 പഞ്ചായത്തുകളിലാണ് കണ്ടൽ പച്ചത്തുരുത്തുകൾ യാഥാർഥ്യമാകുന്നത്. ഇതിന്റെ ഭാഗമായി 14 ഏക്കർ വിസ്തൃതിയിൽ 59 കിലോമീറ്റർ ദൂരം 25000 കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുമെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. പദ്ധതി നടത്തിപ്പു സംബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന ശിൽപശാലയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ഡോ. ടി.എൻ. സീമ. എറണാകുളം ജില്ലയിൽ റെയിൽ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി നഷ്ടപ്പെട്ട ഒരു ഹെക്ടറിൽ താഴെ വരുന്ന കണ്ടൽ പ്രദേശത്തിനു പകരം മറ്റ് സ്ഥലങ്ങളിൽ ഇത് പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷനുമായി ചേർന്ന് കണ്ടൽ പച്ചത്തുരുത്തുകൾക്ക് തുടക്കമിടുന്നതെന്ന് ശിൽപശാലയിൽ സംസാരിച്ച ദക്ഷിണ റെയിൽവേ ലാന്റ് അക്വിസിഷൻ അസോസ്സിയേറ്റ് കെ.എസ്. പരീത് പറഞ്ഞു. MGNREGS പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ, JNTBGRI ടെക്നിക്കൽ ഓഫീസർ ഡോ. സന്തോഷ്, ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായ എസ്.യു. സഞ്ജീവ്, പ്രോഗ്രാം ഓഫീസർ കൃഷ്ണകുമാർ, നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ എന്നിവർ ശിൽപശാലയിൽ സംസാരിച്ചു. കണ്ടൽ ചെടികളിൽ പ്രാവീണ്യം നേടിയ പ്രായോഗിക വിദഗ്ധനായ കണ്ടൽ ദിവാകരൻ പി.വി., കല്ലൻ പൊക്കുടന്റെ മകനും കണ്ടൽ പ്രചരണത്തിൽ സജീവമായ ശ്രീജിത്ത് പൈതലൻ, കണ്ടൽച്ചെടി വ്യാപനത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന മുരുകേശൻ ടി.പി., വി. രവീന്ദ്രൻ, അജിത്കുമാർ, രഘുരാജ് എന്നവരും ശിൽപശാലയിൽ പങ്കെടുത്തു.







# നീർച്ചാലുകളുടെ വീണ്ടെടുപ്പിനായി മാപത്തോൺ പ്രവർത്തനം

നീർച്ചാലുകളുടെ ശാസ്ത്രീയ നിർണയവും ജനകീയ വീണ്ടെടുപ്പും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന നീർച്ചാൽ മാപിംഗിന്റെ കോഴിക്കോട് ചാത്തമംഗലം പഞ്ചായത്തിലെ പ്രവർത്തന ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ നിർവഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുഷമ അധ്യക്ഷത വഹിച്ചു. നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനും നിലവിലെ പ്രശ്നങ്ങൾ കണ്ടെത്തി അവ ജനകീയ ഇടപെടലിലൂടെ പരിഹരിക്കുന്നതിനും ആണ് മാപത്തോൺ പ്രവർത്തനം നടത്തുന്നത്. തോടുകളുടെ കെട്ട് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇറിഗേഷൻ പോലുള്ള വകുപ്പുകളുടെ സഹായത്തോടെ നടത്തും.

## മാപത്തോൺ പ്രവർത്തനങ്ങൾ ഊർജിതമാക്കി ഇടുക്കി ജില്ല

സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്ന മാപത്തോൺ ഊർജ്ജിതമാക്കി. ഇടുക്കി, വണ്ടിപ്പെരിയാർ, പീരുമേട്, ഉപ്പുതറ, പെരുവന്താനം, കൊക്കയർ, ഏലപ്പാറ, വാഴത്തോപ്പ്, കോടികുളം എന്നീ പഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ നവകേരളം റിസോഴ്സ് പേഴ്സൺരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഏറെ ദുർഘടവും വ്യത്യസ്തമായ ഭൂപ്രകൃതിയും കാലാവസ്ഥയും എസ്റ്റേറ്റ് മേഖലകളും, വനമേഖലകളും ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏറെ ശ്രമകരമായി ആണ് പൂർത്തീകരിച്ചത്.






Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in